

**Palakkad Police Action**

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## കഞ്ചാവുമായി രണ്ട് പേർ പാലക്കാട് നോർത്ത് പോലീസിൻെറ പിടിയിൽ




തമിഴ്നാട്ടിൽ നിന്നും പാലക്കാട്, വടക്കഞ്ചേരി ,ആലത്തൂർ മേഖലകൾ കേന്ദ്രീകരിച്ച് ചില്ലറ വിൽപന നടത്തുന്നതിനായി കൊണ്ടുവന്ന ഒന്നര കിലോ കഞ്ചാവുമായി രണ്ട് യുവാക്കൾ പാലക്കാട് നോർത്ത് പോലീസിൻെറ പിടിയിലായി. വടക്കഞ്ചേരി എളവമ്പാടം, കൊഴുക്കുള്ളി സ്വദേശികളായ സനീഷ് വഃ 30, അനീഷ് കുമാർ വഃ 28 എന്നിവരെയാണ് പാലക്കാട് മുനിസിപ്പൽ ബസ് സ്റ്റാൻഡ് പരിസരത്ത് വെച്ച് ടൗൺ നോർത്ത് SI.R.രഞ്ജിത്തും സംഘവും അറസ്റ്റ് ചെയ്തത്. പ്രതികളുടെ പക്കൽ നിന്നും പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ മുക്കാൽ ലക്ഷത്തോളം രൂപ വില വരും. തമിഴ്നാട്ടിലെ കമ്പം ,തേനി , ദിണ്ടിഗൽ, മധുര, സേലം, ഈറോഡ്, പഴനി, വെത്തലക്കുണ്ട് ,ഉടുമൽപേട്ട എന്നിവിടങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് കഞ്ചാവ് എത്തുന്നത്. 15000 രൂപക്ക് കിട്ടുന്ന ഒരു കിലോ കഞ്ചാവ് 50000 രൂപക്കാണ് ചില്ലറ വിപണിയിൽ വിൽക്കുന്നത്. 10 ഗ്രാം അടങ്ങുന്ന ഒരു പായ്ക്കറ്റിന് 500 രൂപയാണ് ഈടാക്കുന്നത്.

പിടിയിലായ സനീഷ് നേരത്തെ എറണാകുളം ജില്ലയിലെ ചേരാനല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന ഇംത്യാസ് കൊലപാതകക്കേസിലെ പ്രതിയാണ്. 5 വർഷത്തെ ജയിൽവാസത്തിനുശേഷം കഴിഞ്ഞ വർഷമാണ് പുറത്തിറങ്ങിയത്. നടപടിക്രമങ്ങൾക്കുശേഷം പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് അംഗങ്ങളായ SI. R.രഞ്ജിത്ത്, R.കിഷോർ, M.സുനിൽ , K.അഹമ്മദ് കബീർ, R.വിനീഷ്, R.രാജീദ്, S.സജീന്ദ്രൻ, വിമൽ, സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻ K.നന്ദകുമാർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS, നർകോട്ടിക് സെൽ DySP N.ഷംസുദ്ദീൻ എന്നിവരുടെ മേൽനോട്ടത്തിൽ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് രൂപീകരിച്ചാണ് സംഘം പരിശോധന നടത്തി വരുന്നത്.

.....................................